## 9

കൊടി ഉയർത്തുവിൻ ജയത്തിൻ കൊടി ഉയർത്തുവിൻ
ഉന്നതന്റെ പർവ്വതത്തിൽ ഒത്തു ചേരുവിൻ (2)
ഘോഷിക്കുവിൻ ജയത്തിൻ ഗീതം പാടുവിൻ
രാജാവു ജേതാവായ് നിന്നിലില്ലയോ- നിന്റെ
രാജാവു ജേതാവായ് നിന്നിലില്ലയോ }2

നമ്മളൊത്തുണർന്നു നീങ്ങണം
നന്മതൻ ബലം ധരിക്കണം. }2
ജീവനെങ്കിൽ ജീവൻ വച്ചു കർത്തൃസേവചെയ്യണം
ഉന്നതവിളിക്കു തക്ക ജീവിതം നയിക്കണം }2
പർവ്വതത്തിലെത്ര മോഹനം
സുവാർത്തയോതും ദൂതന്റെ കാൽ }2

കൊടി....

തിന്മയോടെതിർത്തു നിൽക്കണം
നന്മയാൽ ജയം വരിക്കണം }2
ആദ്യസ്നേഹം ആദിമ പ്രതിഷ്ഠയും വിശ്വാസവും
ആദ്യനാളിലെന്നപോലെ കാത്തിടും വിശുദ്ധരെ }2
വീണ്ടെടുപ്പിൻ നാളടുത്തുപോയ്
വേലചെയ്തൊരുങ്ങി നിന്നീടാം. }2

കൊടി....

ലോകത്തെ പരിത്യജിക്കണം
ദോഷം വിട്ടകന്നു നീങ്ങണം }2
അന്ധകാരശക്തിയോടെതിർത്തു നാം ജയിക്കണം
അന്തരംഗം ആത്മശക്തിയാൽ വിശുദ്ധമാകണം. }2
അന്ത്യകാലം വന്നടുത്തുപോയ്
അന്ത്യ ദൂതു കേൾക്കുന്നിതാ. }2

കൊടി....

അന്ത്യകാല സംഭവങ്ങളാൽ
സംഭ്രമിച്ചിടുന്ന ലോകത്തിൽ }2
ജയമെടുത്ത വീരരായ് വിശുദ്ധരായ് വ്രതസ്ഥരായ്
കൃപയിലെന്നും ആശ്രയിച്ചു വരവിനായ് ഒരുങ്ങിടാം }2
കർത്തനേശു ശീഘ്രം വന്നിടും
കാന്തയും ഒരുങ്ങിടുന്നിതാ }2

കൊടി....

## 10

ഒന്നുമില്ലെങ്കിലും ഒന്നുമല്ലെങ്കിലും
ദൈവമുണ്ടെങ്കിൽ എല്ലാമല്ലേ ?
എല്ലാമുണ്ടെങ്കിലും എന്തുമായെങ്കിലും
ദൈവമില്ലെങ്കിൽ പാഴായില്ലേ ? }2

സ്വന്തമുണ്ടെങ്കിലും ബന്ധമുണ്ടെങ്കിലും
ഉള്ളിനുള്ളിൽ നീ ഒറ്റയ്ക്കല്ലേ? }2
ഏകനാണെങ്കിലും ഏഴയാണെങ്കിലും
ദൈവമെന്നെന്നും കൂട്ടായില്ലേ ? }2

ഒന്നുമില്ലെ....(1)....
എല്ലാ....(1)

ശക്തിയുണ്ടെങ്കിലും ബുദ്ധിയുണ്ടെങ്കിലും
നിന്നോടുപോലും നീ തോല്ക്കാറില്ലേ? }2
അന്ധനാണെങ്കിലും ബധിരനാണെങ്കിലും
യേശുവിൻ സ്നേഹം തുണയായില്ലേ ? }2

ഒന്നുമില്ലെ......

## 11

കർഷകാനാണു ഞാൻ ഞാനൊരിടത്തരം
കർഷകനെന്നതിൽ ധന്യനത്രേ }2
കർഷകനാണു ഞാൻ

മാനവഹൃദയേ വചനം പാകും
തൊഴിലിൽ ഞാനിന്നതി ധന്യൻ
പരിശുദ്ധാത്മ കൃപയിൻ മഴയുടെ
കണികകൾ വയലിൽ പൊഴിയുന്നു
മണ്ണിൻ കട്ടകളുടയുന്നു നനഞ്ഞു കുതിർന്നവ തകരുന്നു
വിത്തുകൾ മണ്ണിൽ വേരൊടുന്നു
പുതുനറുനാമ്പുകൾ വിരിയുന്നു }2

കർഷകനാണു.....

കൃപയിൻ വർഷം പെയ്യും പൊഴുതതിൽ
മാമക കണ്ണീർ കലരുന്നു
നടുന്നവനൊരുവൻ നനയ്ക്കുവതപരൻ
യേശുക്രിസ്തു വളർത്തുന്നു
ദുഷ്ടത വിതറും പൈശാചികനെ
നാഥൻ ധ്വംസിച്ചോടിക്കും
കേടുകൾ പോക്കി ഭീതിയകറ്റി
പോറ്റും കണ്മണി പോലെയവ }2

കർഷകനാണു.....

കൊയ്ത്തിന്നധിപതി കറ്റകളെല്ലാം
കളപ്പുര തന്നിൽ ചേർക്കുന്നു
വിളവിന്നുടയോൻ പ്രതിഫലമേകാൻ
കർഷകസവിധം വരുമല്ലോ
വാനവിതാനമൊരുങ്ങുന്നു മാദ്ധ്യാകാശം പ്രഭ വിതറുമ്പോൾ
രാജാധിരാജൻ മാനിച്ചു ചൊല്ലുന്ന
നല്ലദാസാ എന്നു കേട്ടിടണേ }2

കർഷകനാണു.....

## 12

എന്റെ ദൈവം വാനിൽ വരുമേ
മേഘാരുഢനായ് അവൻ വരുമേ }2
എന്റെ കഷ്ടങ്ങളെല്ലാം മാറീടുമേ
എന്റെ ദുഃഖങ്ങളെല്ലാം തീർന്നീടുമേ }2

കഷ്ടദുരിതങ്ങളേറിടും നേരം
ക്രൂശിൽ പിടയുന്ന നാഥനെ കാണും }2
രക്തം ധാരയായ് ചിന്തിയതെല്ലാം
കണ്ണുനീരോടെ ഞാൻ നോക്കി നിൽക്കും }2

(എന്റെ..... 1)

സ്വന്തബന്ധുക്കൾ സ്നേഹിതരെല്ലാം
കഷ്ടനാളിലെന്നെ വിട്ടുപോയി }2
സ്വന്തപ്രാണനെ നല്കിയ ഇടയൻ
കൈവിടാതെ എന്നും എന്നെ നടത്തും }2

(എന്റെ..... 1)

ദുഃഖസാഗരതീരത്തു നിന്നും
നിത്യസന്തോഷമേകിടുവാനായ് }2
മേഘത്തേരിലെൻ നാഥൻ വരുമേ
സ്നേഹത്തേടെന്നെ ചേത്തിടുവാനായ്

എന്റെ.........2
എന്റെ........2
എന്റെ........1

## 13

നീയല്ലോ ഞങ്ങൾക്കുള്ള ദിവ്യ സമ്പത്തേശുവേ
നീയല്ലാതില്ല ഭൂവിൽ ആഗ്രഹിപ്പാനാരുമേ (2)
നീയല്ലോ ഞങ്ങൾക്കുള്ള ദിവ്യ സമ്പത്തേശുവേ

നീയല്ലോ ഞങ്ങൾക്കായി മന്നിടത്തിൽ വന്നതും
നീചരാം ഞങ്ങളുടെ പാപമെല്ലാം ഏറ്റതും .....2

......നീയല്ലോ

കാൽവറി മലമുകളേറി നീ ഞങ്ങൾക്കായ്
കാൽകരം ചേർന്നു തൂങ്ങി മരിച്ചുയരേകിയ ......2

...... നീയല്ലോ

അന്നന്നു ഞങ്ങൾക്കുള്ളതെല്ലാം തന്നു പോറ്റുന്നോൻ
ഇന്നുമെന്നും കൂടെയുണ്ടെന്നുള്ള വാക്കു തന്നവൻ ....2

.....നീയല്ലോ

ശത്രുവിന്നഗ്നിയസ്ത്രം ശക്തിയോടെതിർക്കുന്ന
മാത്രയിൽ ജയം തന്നു കാത്തു സൂക്ഷിച്ചീടുന്നു ....2

.....നീയല്ലോ

ജനകനുടെ വലമമർന്നു നീ ഞങ്ങൾക്കായ്
ദിനം പ്രതി പക്ഷവാദം ചെയ്തു ജീവിച്ചീടുന്നു .....2

.....നീയല്ലോ

ലോകത്തിൽ ഞങ്ങൾക്കുള്ളതെല്ലാം നഷ്ടമാകിലും
ലോകക്കാർ നിത്യം ദൂഷിച്ചീടിലും പൊന്നേശുവേ ......2

....നീയല്ലോ

നിത്യജീവ മൊഴികൾ നിന്നിലുണ്ടു പരനെ
നിന്നെ വിട്ടിട്ടടിയങ്ങൾ എങ്ങു പോയി വസിക്കും .....2

.....നീയല്ലോ

# ശാന്തിഗീതങ്ങൾ
# 2009

## 1

സ്തുതിക്കുന്നേ പ്രീയാ സ്തുതിക്കുന്നേ
സ്തുതിക്കു യോഗ്യൻ നീ മാത്രമല്ലോ }2
ഞങ്ങൾ നിന്റെ മഹിമ കണ്ട സാക്ഷികളല്ലോ ....2

താഴ്ചയിൽ ഞങ്ങളെ ഓർത്തല്ലോ
താണു വന്നു രക്ഷ തന്നുവല്ലോ }2

ഞങ്ങൾ നിന്റെ.....2

പാപങ്ങളെല്ലാം നീ വഹിച്ചല്ലോ
പാദങ്ങൾ പാറമേൽ നിർത്തിയല്ലോ }2

ഞങ്ങൾ നിന്റെ.....2

പുത്രത്വം തന്നു നീ മാനിച്ചല്ലോ
പുതിയ പാട്ടും നീ തന്നുവല്ലോ }2

ഞങ്ങൾ നിന്റെ.....2

നിൻ വഴി ഞങ്ങളെ കാണിച്ചല്ലോ
നിന്നാത്മവിനെയും തന്നുവല്ലോ }2

ഞങ്ങൾ നിന്റെ.....2

നിൻ വചനം ഞങ്ങൾക്കേകിയല്ലോ
നിത്യജീവനേയും തന്നുവല്ലോ }2

ഞങ്ങൾ നിന്റെ....4

## 2

സ്തോത്രം നാഥാ സ്തുതി മഹിതം
മഹത്വമേശുവിനനവരതം
ആരാധനയും ആദരവും
നന്ദി സ്തുതികളുമേശുവിന് }2

സ്തോത്രം.....

ദുരിതക്കടലിന്നാഴത്തിൽ
മുങ്ങിപ്പൊങ്ങിക്കേഴുന്നോർ }2
കരകാണാക്കടലോളത്തിൽ
കാണുന്നഭയം തിരുമുറിവിൽ }2

സ്തോത്രം....ആരാധ...സ്തോത്രം...

നിന്ദകൾ പീഡകൾ പഴിദൂഷികൾ
അപമാനങ്ങളും അപഹസനം }2
തിരുമേനിയതിൽ ഏറ്റതിനാൽ
സ്തുതിതേ മഹിതം തിരുമുമ്പിൽ }2

സ്തോത്രം...ആരാധ...സ്തോത്രം...

പാപമകറ്റിയ തിരുരക്തം
ഉള്ളു തകർത്തൊരു തിരുരക്തം }2
അനുതാപാശ്രൂ തരുന്നതിനാൽ
സ്തോത്രം നാഥാ സ്തുതിയഖിലം }2
സ്തോത്രം.....ആരാധ.....സ്തോത്രം...

മുൾമുടി ചൂടി പോയവനെ
രാജകീരിട മണിഞ്ഞൊരുനാൾ }2
വരുമന്നെന്നുടെ ദുരിതങ്ങൾ
തീരും വാഴും പ്രീയസവിധം }2
സ്തോത്രം......ആരാധ...2.....സ്തോത്രം.

## 3

സ്വാദേറും ലോകമെന്നെ വിളിച്ചിട്ടും പോകാതെ
വേദഗ്രന്ഥത്തിന്റെ മാർഗ്ഗം പുണരുന്നു ഞാൻ
കരളിന്റെ മോഹങ്ങൾ ക്ഷണിച്ചിട്ടും നോക്കാതെ
ക്രൂശിതന്റെ വഴിയെ വരുന്നിതാ ഞാൻ

ആ വഴിയോ ഈ വഴിയോ എന്നെന്നുള്ളിൽ ചിന്തിച്ച്
ആത്മീയ സംഘർഷം വളരുന്നല്ലോ }2

ലോകാധികാരം തടഞ്ഞിട്ടും കൂസാതെ
സുവിശേഷ സാരം പകരുന്നു ഞാൻ
ആഹ്ലാദവേളകൾ പറഞ്ഞിട്ടും നോക്കാതെ
യേശുവെ നിൻ സാക്ഷ്യം നൽകാൻ അണയുന്നു ഞാൻ }2
സ്വാദേറും.....

കണ്ണീരിൻ ഭാരം തകർത്തിട്ടും വീഴാതെ
കുരിശെന്റെ കയ്യിൽ ഏന്തുന്നു ഞാൻ
നൈരാശ്യം എന്നെ ഉലച്ചിട്ടും കേഴാതെ
നിന്റെ നാമം എന്റെ ചുണ്ടിൽ ജപിക്കുന്നു ഞാൻ }2

സ്വാദേറും......കരളിന്റെ.....
ആ വഴിയോ...2
സ്വാദേറും.....

## 4

നീങ്ങിപ്പോയ് എന്റെ ഭാരങ്ങൾ
മാറിപ്പോയ് എന്റെ ശാപങ്ങൾ
സൗഖ്യമായ് എന്റെ രോഗങ്ങൾ
യേശുവിൻ നാമത്തിൽ }2

ഹല്ലേലൂയ്യാ ഞാൻ പാടീടും
യേശുവിനെ ആരാധിക്കും
ഹല്ലേലൂയ്യാ ഞാൻ വാഴ്ത്തിടും
സർവ്വശക്തനായവനെ }2

യേശുവിൻ നാമം വിടുതലായ്
യേശുവിൻ നാമം രക്ഷയായ്
യേശുവിൻ നാമം ശക്തിയായ്
യേശു എന്നെ വീണ്ടെടുത്തു }2

ഹല്ലേലുയ്യാ......2

യേശുവിൻ രക്തം ശുദ്ധിക്കായ്
യേശുവിൻ രക്തം സൗഖ്യമായ്
യേശുവിൻ രക്തം കഴുകലായ്
യേശുവിൽ ഞാൻ ആശ്രയിക്കും }2

ഹല്ലേലൂയ്യാ....4

## 5

കൊല്ലപ്പെട്ടിട്ടും നിൽക്കും കുഞ്ഞാടെ
നിന്നെ വാഴ്ത്തുന്നു ഞങ്ങൾ
നിന്നെ വാഴ്ത്തുന്നു }2

ത്രാണി പോയിട്ടും ചോര വാർന്നിട്ടും
നിൽക്കുകയാണല്ലോ കുഞ്ഞാടു നിൽക്കുകയാണല്ലോ }2
കൊല്ല......1

മുൾമുടി ചൂടീട്ടും ഉള്ളു തകർന്നിട്ടും
നിൽക്കുകയാണല്ലോ കുഞ്ഞാടു നിൽക്കുകയാണല്ലോ }2
കൊല്ല.....1

കുരിശുചുമന്നിട്ടും കയ്പു കുടിച്ചിട്ടും
നിൽക്കുകയാണല്ലോ കുഞ്ഞാടു നിൽക്കുകയാണല്ലോ }2
കൊല്ല.....1

ഒറ്റു കൊടുത്തിട്ടും ഒറ്റപ്പെട്ടിട്ടും
നിൽക്കുകയാണല്ലോ കുഞ്ഞാടു നിൽക്കുകയാണല്ലോ }2
കൊല്ല.....1

നിന്ദനമേറ്റിട്ടും നെഞ്ചു പിളർന്നിട്ടും
നിൽക്കുകയാണല്ലോ കുഞ്ഞാടു നിൽക്കുകയാണല്ലോ }2
കൊല്ല.....1

സ്നേഹിതരറ്റിട്ടും യാതനയേറ്റിട്ടും
നിൽക്കുകയാണല്ലോ കുഞ്ഞാടു നിൽക്കുകയാണല്ലോ }2
(മഹിമാവിൽ)
കൊല്ല....2

## 6

ദയ ലഭിച്ചോർ നാം സ്തുതിച്ചീടുവോം
അതിനു യോഗ്യൻ ക്രിസ്തുവത്രേ
മാധുര്യനാദമാം ഗീതങ്ങളാലെ
അവനെ നാം പുകഴ്ത്തീടാം }2

തൻ തിരുമേനിയറുക്കപ്പെട്ടു നിൻ
രുധിരത്തിൻ വിലയാൽ വാങ്ങിയതാം }2
ഗോത്രങ്ങൾ ഭാഷകൾ വംശങ്ങൾ ജാതികൾ
സർവ്വവും ചേർത്തുകൊണ്ട് }2
ദയലഭി......

പാപത്തിന്നധീനതയിൽ നിന്നീ
അടിയാരെ നീ വിടുവിച്ചു }2
അൽഭുതമാർന്നൊളിയിൽ പ്രിയനോടെ
രാജ്യത്തിലാക്കിയതാൽ }2
ദയലഭി.......

വീഴുന്നു പ്രിയനെ വാഴ്ത്തീടുവാൻ
സിംഹാസനവാസികളും താൻ }2
ആയവനരുളിയ രക്ഷയിൽ മഹിമയ്ക്കായ്
കിരീടങ്ങൾ തായെയിട്ട് }2
ദയലഭി........

ദൈവകുഞ്ഞാടവൻ യോഗ്യനെന്ന്
മോക്ഷത്തിൽ കേൾക്കുന്ന ശബ്ദമത് }2
സ്തുതിച്ചിടാം വെള്ളത്തിന്നിരമ്പൽ പോൽ ശബ്ദത്താൽ
പരിശുദ്ധയാം സഭയേ }2
ദയലഭി........

യേശുതാൻ വേഗം വരുന്നതിനാൽ
മുഴങ്കാൽ മടക്കി നമസ്ക്കരിക്കാം }2
സേനേഹിച്ച യേശുവെ കണ്ടിടുവോം നാം
ആനന്ദ നാളതിലെ }2
(ദയലഭി....)

## 7

നിന്റെ ഹിതം പോലെയെന്നെ
നിത്യം നടത്തീടേണമേ
എന്റെ ഹിതം പോലെയല്ലേ
എൻ പിതാവേ എൻ യഹോവേ
നിന്റെ ഹിതം.......

ഇമ്പമുള്ള ജീവിതവും ഏറെ ധനം മാനങ്ങളും
തുമ്പമറ്റ സൗഖ്യങ്ങളും ചോദിക്കുന്നില്ലേ അടിയാൻ
നിന്റെ ഹിതം.......

നേരുനിരപ്പാം വഴിയോ നീണ്ടനടയോ കുറുതോ
പാരം കരഞ്ഞോടുന്നതോ പാരിതിലും ഭാഗ്യങ്ങളോ
നിന്റെ ഹിതം.......

അന്ധകാരം ഭീതികളോ അപ്പനേ പ്രകാശങ്ങളോ
എന്തു നീ കല്പിച്ചീടുന്നോ എല്ലാമെനിക്കാശീർവാദം
നിന്റെ ഹിതം.....

ഏതു ഗുണം എന്നറിവാൻ ഇല്ലാ ജ്ഞാനം എന്നിൽ നാഥാ
നിൻ തിരുനാമം നിമിത്തം നീതിമാർഗ്ഗത്തിൽ തിരിച്ചു
നിന്റെ ഹിതം......

അഗ്നിമേഘത്തൂണുകളാൽ അടിയാനെ എന്നും നടത്തി
അനുദിനം കൂടെ ഇരുന്നു അപ്പനേ കടാക്ഷിക്കുകേ
നിന്റെഹിതം........

## 8

ഗീതം ഗീതം ജയജയഗീതം
പാടുവിൻ സോദരരെ }2
നമ്മൾ യേശുനാഥൻ ജീവിക്കുന്നതിനാൽ
ജയഗീതം പാടിടുവിൻ }2

പാപം ശാപം സകലവും തീർപ്പാൻ
അവതരിച്ചിഹെ നരനായ് }2
ദൈവകോപത്തീയിൽ വെന്തെരിഞ്ഞവനായ്
രക്ഷകൻ ജീവിക്കുന്നു }2

ഗീതം.........

ഉലകമഹാന്മാർ അഖിലരുമൊരുപോൽ
ഉറങ്ങുന്നു കല്ലറയിൽ }2
നമ്മളുന്നതനേശു മഹേശ്വരൻ മാത്രമ-
ങ്ങുയരത്തിൽ വാണിടുന്നു. }2

ഗീതം.........

കലുഷതയകറ്റി കണ്ണൂനീർ തുടപ്പിൻ
ഉൽസുകരായിരിപ്പിൻ }2
നമ്മൾ ആത്മനാഥൻ ജീവിക്കവേ ഇനി
അലസത ശരിയാമോ }2

ഗീതം.........

വാതിലുകളെ നിങ്ങൾ തലകളെ ഉയർത്തുവിൻ
വരുന്നിതാ ജയരാജൻ. }2
നിങ്ങൾ ഉയർന്നിരിപ്പിൻ കതകുകളേ
ശ്രീയേശുവെ സ്വീകരിപ്പാൻ }2

ഗീതം.........